252 (1431) ഐ.ഡി.സി.യിലെ വിജിലൻസ് കേസ്സുകൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ്സുകൾ ഉണ്ട്;

(ബി) ആർക്കൊക്കെ എതിരെ എഫ്.ഐ.ആർ.ഫയൽ ചെയ്തിട്ടുണ്ട്; പ്രോസിക്യൂഷൻ നടപടികൾ ആർക്കൊക്കെ എതിരെ നടക്കുന്നുണ്ട്?

ഉത്തരം

(എ) താഴെ പറയുന്ന അഞ്ച് ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ്സുണ്ട്.

1. ശ്രീ. എസ്. പത്മകുമാർ, മുൻ ചെയർമാൻ
2. ശ്രീ. സോമസുന്ദരം, മുൻ എം.ഡി.
3. ശ്രീ. ബി. ചന്ദ്രശേഖരൻ നായർ, ജനറൽ മാനേജർ
4. ശ്രീ. കെ. വിജയചന്ദ്രൻ, മുൻ പാർട്ട് ടൈം ചെയർമാൻ
5. ശ്രീ. ജെയിംസ് ജോസഫ്, മുൻ എം.ഡി.

(ബി) മുകളിൽ പറഞ്ഞ എല്ലാ ഉദ്യോഗസ്ഥൻമാരുടെ പേരിലും എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുണ്ട്. ഇവരിൽ ശ്രീ. എസ്. പത്മകുമാർ, ശ്രീ.സോമസുന്ദരം, ശ്രീ. സി. ചന്ദ്രശേഖരൻ നായർ എന്നിവർക്കെതിരെയുള്ള കേസ്സിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

253 (1432) കാപ്പക്സിലെ ക്രമക്കേടുകളെ കുറിച്ചുള്ള അന്വേഷണം

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-98 കാലയളവിൽ കാപ്പക്സ് മാനേജിംഗ് ഡയറക്ടർ സ്വന്തമായി കൈപ്പറ്റിയിട്ടുള്ള വൗച്ചറുകൾ ഏതെല്ലാം; ഈ വൗച്ചറുകൾ എത്ര തുകയ്ക്കുള്ളതാണെന്നും വെളിപ്പെടുത്തുമോ;

(ബി) 'പെരിഫറൽസ്' കോട്ടയ്ക്കകം എന്ന സ്ഥാപനത്തിൽനിന്നും സാധനങ്ങൾ വാങ്ങിയതിന് 12,430 രൂപയുടെ വൗച്ചർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സാധനങ്ങൾ വാങ്ങാനിടയായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) 1996 ഏപ്രിൽ മുതൽ 1997 മാർച്ചു വരെ എന്റർടെയിൻമെന്റ്, ഓഫീസ് എക്സ്പെൻസസ് ഇനത്തിൽ ചെലവാക്കിയ തുകയെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

LIBRARY ARCHIVES Kerala Legislative Assembly